15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4204 — 28-06-2024 - ൽ മറുപടിയ്ക്ക്

തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2024 മെയ് മാസം 31 വരെ പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നീ തസ്തികകളിൽ നൂറിലധികം ഒഴിവുകളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പ്രമോഷൻ കമ്മിറ്റി അംഗീകാരം നൽകിയ 2024 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ സെക്രട്ടറി LSGI തസ്തികയിലേക്കുള്ള പ്രൊമോഷനായുള്ള 2024-ലെ സെലക്ട് ലിസ്റ്റ് നിലവിലില്ല. 2024-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2023 വർഷത്തിൽതന്നെ ആരംഭിക്കുകയും, ജീവനക്കാരുടെ സേവനവിവരങ്ങളും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും സമർപ്പിക്കുന്നതിന് അറിയിപ്പ് നൽകുകയുമുണ്ടായി. 2022 വർഷം മുതൽ സ്കോർ സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായിട്ടാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കി വരുന്നത്. ഓൺലൈനായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ടെക്നിക്കൽ തകരാറുകൾ നേരിട്ടതിനാൽ സ്കോർ സോഫ്റ്റ്‌വെയർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി പലതവണ നീട്ടി നൽകേണ്ടതായി വന്നിട്ടുണ്ട്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കിയ ജീവനക്കാരുടെ പേരിലുള്ള അച്ചടക്കനടപടി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് കരട് ഡിപിസി നോട്ട് തയ്യാറാക്കി 2024ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത തസ്തികകളിൽ 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ വിരമിക്കലിന് വിധേയമായി ഒഴിവുണ്ടാകുമെന്ന് മുൻകൂട്ടി അറിഞ്ഞിട്ടും സെലക്ട് ലിസ്റ്റ് തയ്യാറാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ സെക്രട്ടറി LSGI തസ്തികയിലേക്കുള്ള പ്രൊമോഷനായുള്ള 2024-ലെ സെലക്ട് ലിസ്റ്റ് നിലവിലില്ല. 2024-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2023 വർഷത്തിൽതന്നെ ആരംഭിക്കുകയും, ജീവനക്കാരുടെ സേവനവിവരങ്ങളും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും സമർപ്പിക്കുന്നതിന് അറിയിപ്പ് |

| | | | |
|---|---|---|---|
| | | | നൽകുകയുമുണ്ടായി. 2022 വർഷം മുതൽ സ്കോർ സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായിട്ടാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കി വരുന്നത്. ഓൺലൈനായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ടെക്നിക്കൽ തകരാറുകൾ നേരിട്ടതിനാൽ സ്കോർ സോഫ്റ്റ്‌വെയർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി പലതവണ നീട്ടി നൽകേണ്ടതായി വന്നിട്ടുണ്ട്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കിയ ജീവനക്കാരുടെ പേരിലുള്ള അച്ചടക്കനടപടി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് കരട് ഡിപിസി നോട്ട് തയ്യാറാക്കി 2024ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത തസ്തികകൾ ഒഴിവായിക്കിടക്കുന്നത് വാർഡ് വിഭജനം, വോട്ടർ പട്ടിക പുതുക്കൽ തുടങ്ങിയ സുപ്രധാന നടപടിക്രമങ്ങളെ സാരമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പകരം ചുമതലാക്രമീകരണം നടത്തി ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതിനാൽ വാർഡ് വിഭജനം, വോട്ടർപ്പട്ടിക പുതുക്കൽ തുടങ്ങിയ സുപ്രധാന നടപടിക്രമങ്ങളെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ